IV ശ്രദ്ധ ക്ഷണിക്കൽ

1. മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾക്കായി സമഗ്ര പദ്ധതികൾ

ശ്രീ. ആർ. സെൽവരാജ്: സർ, കേരളത്തിലെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ 222 കടലോര ഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളിലുമായി അധിവസിച്ചുവരുന്ന 11.5 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഈ സമൂഹം സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഗണ്യമായ സംഭാവനയാണ് നൽകിവരുന്നത്. 2011-12 മുതൽ വർഷംപ്രതി അഞ്ചരലക്ഷം മെട്രിക് ടൺ മത്സ്യത്തിന്റെ നേട്ടമാണ് സംസ്ഥാനത്തിന് നേടിത്തരുന്നത്. കേരളത്തിന്റെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും ശ്രദ്ധേയമായ മത്സ്യബന്ധന മേഖല വലിയൊരു ജനവിഭാഗത്തിന് തൊഴിൽ നൽകുന്നുവെന്നുമാത്രമല്ല, കയറ്റുമതിയിലൂടെ വിദേശനാണ്യം നേടിത്തരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ ഏറ്റവുംകൂടുതൽ പോഷകങ്ങളടങ്ങിയ മത്സ്യാഹാരം പൊതുജനങ്ങൾക്ക് നൽകുവാൻ കഴിയുന്നത് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ കടലിൽ കഠിനാദ്ധ്വാനം ചെയ്യുന്നതിന്റെ ഫലമായിട്ടാണെന്നുള്ള വസ്തുത നമുക്ക് വിസ്മരിക്കാനാവില്ല. സംസ്ഥാനത്തെ വാർഷിക ആളോഹരി മത്സ്യ ഉപഭോഗം 27 കിലോഗ്രാമാണ്. ഇത് ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടിയാണെന്നത് കേരളീയരുടെ ഭക്ഷണത്തിൽ മത്സ്യത്തിന് നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. എന്നാൽ മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്ന ഈ മത്സ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യം ഒട്ടും മെച്ചമല്ല. സംസ്ഥാനത്തുനിന്ന് 2012-13-ൽ 1.66 ലക്ഷം മെട്രിക് ടൺ മത്സ്യം കയറ്റുമതി ചെയ്ത് 3400 കോടി രൂപയുടെ വിദേശനാണ്യം നേടിക്കൊടുത്തു. ശരാശരി മുപ്പതിനായിരം രൂപയിൽ താഴെയാണ് മത്സ്യത്തൊഴിലാളികളുടെ വാർഷിക വരുമാനം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധന തൊഴിൽമേഖലയുടെ പുരോഗതിക്കായി നിരവധി പുതിയ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇത് മത്സ്യത്തൊഴിലാളികളിൽ പുതിയ പ്രതീക്ഷ നൽകുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം നേടുന്നതിന് ഈ സർക്കാർ ഏർപ്പെടുത്തിയ പദ്ധതികൾ ആശ്വാസകരമാണ്. പരമ്പരാഗതമായ ഈ തൊഴിൽമേഖലയിൽ പുരോഗതിയുടെ പുതിയ വെളിച്ചം വീശുന്ന ശുഭ പ്രതീക്ഷകളാണ് നൽകുന്നത്. കടലോര മക്കൾക്ക് വികസനത്തിന്റെ പെരുമഴയാണ് അങ്ങയുടെ കാലത്ത് ലഭ്യമാക്കിയിട്ടുള്ളതെന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം പറയേണ്ടതുണ്ട്. സമുദ്ര മേഖലയിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കണക്കെടുത്താൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികളുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. എന്റെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിലെ കളത്തൂർ, കാരോട് എന്നീ പഞ്ചായത്തുകളിൽ മത്സ്യഗ്രാമങ്ങളുണ്ട്. ഈ മത്സ്യഗ്രാമങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഇതിനോടകം നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇനിയും അവർ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിയിട്ടില്ലായെന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലാണ്. സ്വന്തമായി ഭൂമിയുള്ളവരുടെ എണ്ണം താരതമ്യേന കുറവാണ്. മത്സ്യഗ്രാമങ്ങളിൽ ശുദ്ധജലത്തിന് ദൗർലഭ്യമനുഭവപ്പെടുന്നു. ഗതാഗത സൗകര്യങ്ങൾ കുറവാണ്. സംസ്ഥാനത്ത് ഏകദേശം മുപ്പതിനായിരം മത്സ്യത്തൊഴിലാളികൾ ഭവനരഹിതരായിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതിനാൽ വിവേലഭ്യതക്കുറവും ആവശ്യക്കാർ ഏറെയുള്ളതുമായ ഈ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകണം. മത്സ്യഗ്രാമങ്ങളിൽ ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനമൊരുക്കുന്നതിന് നടപടി സ്വീകരിക്കണം. ശുചിത്വമുറപ്പാക്കണം, ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും ആരോഗ്യസുരക്ഷയ്ക്കും അടിസ്ഥാന സൗകര്യവികസനത്തിനും നടപടി സ്വീകരിക്കണമെന്നും ഈ മേഖലയിലുള്ളവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമുള്ളതാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽമേഖലയിൽ പ്രധാനപ്പെട്ട ഒന്നായ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ അധിവസിക്കുന്ന മത്സ്യഗ്രാമങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ മുന്തിയ പ്രാധാന്യം നൽകിവരികയാണ്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം, ശുദ്ധജലത്തിന്റെ ലഭ്യത, ശുചിത്വം, ഭവനം എന്നിവ ഉറപ്പുവരുത്തുന്നതിനായി അഞ്ച് പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു. 114 കോടി രൂപ അടങ്കൽ തുകയിൽ സംയോജിത മത്സ്യഗ്രാമവികസന പദ്ധതി, പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പാക്കുന്ന 44.27 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, നബാർഡ് ഫണ്ടിലുൾപ്പെടുത്തി നടപ്പാക്കുന്ന 134.70 കോടി രൂപയുടെ പദ്ധതികൾ, 4.29 കോടി രൂപയുടെ കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ, 75.10 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവിൽ ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം - സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് അടിസ്ഥാനസൗകര്യ വികസനപദ്ധതികളുടെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തെ വിവിധ മത്സ്യഗ്രാമങ്ങളിലായി വിമൻസ് ഷെൽട്ടർ, ആശ്രുപത്രിക്കെട്ടിടം, തണൽ ഷെഡ്, ഡ്രെയിനേജ്, ഫിഷറീസ് റോഡുകൾ, നൈറ്റ്മെന്റിംഗ് യാർഡ്, ഹൈമാസ്റ്റ് ലൈറ്റുകൾ, പബ്ലിക് ടോയ്ലറ്റുകൾ, വ്യക്തിഗത ടോയ്ലറ്റുകൾ, ബയോഗ്യാസ് പ്ലാന്റ്, കോളനികളുടെ പുനരുദ്ധാരണം തുടങ്ങിയ 21 തരം നിർമ്മാണപ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി ഇപ്പോൾ പുരോഗമിച്ചുവരുന്നു. തീരദേശത്തെ മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ശുദ്ധജലത്തിന്റെ അപര്യാപ്തത. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 65.83 കോടി രൂപയുടെ 53 ചെറിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനകം അഞ്ചെണ്ണം പൂർത്തീകരിച്ചു ഈ സർക്കാർ ഇതുവരെയായി മത്സ്യത്തൊഴിലാളികൾക്ക് 6,573 വീടുകൾ അനുവദിച്ചു നൽകി. ഭൂരഹിതരും ഭവനരഹിതരുമായവരെ സഹായിക്കുന്നതിലേയ്ക്കായി 48.75 കോടി രൂപയുടെ ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനം എന്നൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന് 9-7-2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീട് നൽകുന്നതിന് വിപുലമായൊരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ഭവന പദ്ധതിക്കുവേണ്ടി 150 കോടി രൂപ വായ്പയെടുക്കാൻ ഇതിനകംതന്നെ തീരുമാനിച്ചിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ 75.10 കോടി രൂപ ചെലവിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 52 മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നു. ഇതിൽ 7 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി. പത്തു മാർക്കറ്റുകളുടെ നിർമ്മാണം 90 ശതമാനം പൂർത്തിയായിക്കഴിഞ്ഞു. ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി വിവിധ മത്സ്യഗ്രാമങ്ങളിൽ പഠനം നടത്തി പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. മത്സ്യഫെഡിൽനിന്ന് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കുടുംബശ്രീ വഴി 5000 രൂപ മുതൽ 20,000 രൂപവരെ വായ്പ നൽകുന്നുണ്ട്. ഇതിനുള്ള പലിശ വിഹിതം സർക്കാർ വഹിക്കും. വർഷം 30 കോടി രൂപ വായ്പയായി വിതരണം ചെയ്യുന്നു. ഇതിന്റെ പ്രയോജനം 40,000 സ്ത്രീത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. ഇതിനായി മത്സ്യഫെഡിന് 2 കോടി രൂപ പ്രത്യേകം അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന

വിവിധ പ്രശ്നങ്ങളെ തികഞ്ഞ ഗൗരവത്തോടെ പരിശോധിച്ച് അവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്.

ശ്രീ. ആർ. സെൽവരാജ്: സർ, തീരദേശ ജനങ്ങൾക്കുണ്ടാകുന്ന അതിരൂക്ഷമായ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; കടലിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തരചികിത്സയ്ക്കും ദുരിത നിവാരണത്തിനുമായി ധനസഹായം നൽകുന്നതിന് ഫിഷറീസ് വകുപ്പുമന്ത്രിയുടെ പേരിൽ പ്രത്യേക ദുരിതാശ്വാസനിധി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബാബു : സർ, ഒരു പ്രത്യേക ചികിത്സാനിധി രൂപീകരിക്കാൻ ഇപ്പോൾ തൽക്കാലം ആലോചിച്ചിട്ടില്ല. അതേസമയം, തീരപ്രദേശങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ് കുടിവെള്ളപ്രശ്നം. അത് പരിഹരിക്കുന്നതിന് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, വാട്ടർ അതോറിറ്റിവഴി ഇപ്പോൾതന്നെ കുറേ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അത് വാട്ടർ അതോറിറ്റി മുഖാന്തിരമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇതിൽ അഞ്ചെണ്ണം പൂർത്തിയായിരിക്കുകയാണ്. 53 കുടിവെള്ള പദ്ധതികളാണ് ആ രൂപത്തിലുള്ളത്. ഇതിനുപുറമെ, തീരദേശത്ത് താമസിക്കുന്ന, 50 മുതൽ 100 വീടുകൾക്കുവരെ ഉപകരിക്കത്തക്കനിലയിൽ ചെറിയ ചെലവിലുള്ള ഡീസാൽനേഷൻ പ്ലാന്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിനായി തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. ക്യാൻസർ ചികിത്സാസൗകര്യങ്ങൾ

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിന്മേലാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നമ്മുടെ കേരളം ക്യാൻസറിന്റെ തലസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ധാരാളമാളുകൾ ക്യാൻസർ ബാധിച്ച് ചികിത്സ തേടിക്കൊണ്ടിരിക്കുകയാണ്. നമുക്ക് രോഗം വരുന്നത് ഒരു കുറ്റമല്ല; നമ്മുടെ ജീവിതശൈലിയുടെ ഭാഗമായി മാത്രമല്ല രോഗം വരുന്നത്. ഇപ്പോൾ പുകവലിക്കാത്ത സാധാരണ സ്ത്രീകൾക്ക് ശ്വാസകോശ ക്യാൻസർ വരുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ഈ അടുത്ത കാലത്ത് തിരുവനന്തപുരത്ത്, ഞാറനീലി പട്ടികവർഗ്ഗ കോളനിയിൽ ആദിവാസി സ്ത്രീകൾക്കിടയിൽ ക്യാൻസർ വ്യാപകമായി ബാധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള വാർത്ത മാതൃഭൂമി പത്രം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കീടനാശിനിയുടെയും രാസവളത്തിന്റെയും മറ്റും അമിത ഉപയോഗം, ജീവിത ശൈലിയുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ഭക്ഷണരീതിയിലെ മാറ്റങ്ങൾ, കൃത്രിമമായിട്ടുള്ള ആഹാരങ്ങൾ, മായം ചേർത്ത ആഹാരങ്ങളും ഭക്ഷണപദാർത്ഥങ്ങളും

LIBRARY ARCHIVES Kerala Legislative Assembly